മി. സ്പീക്കർ: അത് നടക്കാത്ത കാര്യമല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അത് വലിയ പ്രശ്നമാണ്. ചില പഞ്ചായത്തുകൾ സ്ഥലം കൊടുക്കുന്നതിന് ഉൽസാഹം കാണിക്കുന്നില്ല എന്ന ആക്ഷേപമുണ്ട്. അത് മോണിറ്റർ ചെയ്ത് മുന്നോട്ടുപോകാം.

ഭക്ഷ്യ സംസ്കരണ മേഖലയിൽ കേന്ദ്ര സഹായ പദ്ധതികൾ

*2 [T902] ശ്രീ. സാജു പോൾ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. കെ. സി. മമ്മത്കോയ:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ മേഖലയിൽ കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽനിന്നും ഇതിനകം എന്തു തുക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി;

(സി) സംസ്ഥാനം എത്ര പദ്ധതികളാണ് കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുള്ളത്;

(ഡി) കേരളത്തിന് ഭക്ഷ്യപാർക്ക് സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഭക്ഷ്യസംസ്കരണ പദ്ധതിക്ക് സംസ്ഥാനം മുൻവർഷവും ഈ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയെത്ര; ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി;

(എഫ്) ഭക്ഷ്യ സംസ്കരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് ഏടുക്കേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഭക്ഷ്യ സംസ്കരണ മേഖലയിലെ വ്യവസായ സംരംഭകർക്ക് നവീന സാങ്കേതിക വിദ്യയും ധനസഹായവും എത്തിച്ചു കൊടുക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന ഉദ്ദേശം. ഭക്ഷ്യ സംസ്കരണ മേഖലയിലെ പദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസിയായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമലപ്പെടുത്തിയിട്ടുണ്ട്. കിൻഫ്രയുടെ കീഴിൽ മലപ്പുറത്ത് കാക്കഞ്ചേരിയിൽ ഒരു ഭക്ഷ്യ സംസ്കരണ പാർക്ക് പ്രവർത്തിച്ചു വരുന്നു. കൂടാതെ, കിൻഫ്രയുടെ മഴുവന്നൂരിലും വയനാട്ടിലുമുള്ള ചെറുകിട വ്യവസായ പാർക്കുകളിൽ ഭക്ഷ്യസംസ്കരണ വ്യവസായത്തിനുള്ള പ്രത്യേക അടിസ്ഥാന സൗകര്യവും വികസിപ്പിച്ചുവരുന്നു. ഭക്ഷ്യസംസ്കരണ വ്യവസായ ഉല്പന്നങ്ങളുടെ നിലവാരം പരിശോധിക്കാൻ HACCP സർട്ടിഫിക്കേഷനുവേണ്ടി ഒരു നാഷണൽ സെന്ററും സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിൽനിന്നും കിൻഫ്രയുടെ വിവിധ പദ്ധതികൾക്കായി 524 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) കിൻഫ്ര മുഖേന വിവിധ സംരംഭകരിൽ നിന്നും ലഭിച്ച 53 പദ്ധതികൾ ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കിൻഫ്രയുടെ കീഴിൽ ഭക്ഷ്യസംസ്കരണ പാർക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2002-2003 വർഷം 200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക മുഴുവനും ചെലവഴിച്ചു. 2003-2004 സാമ്പത്തിക വർഷത്തിലേയ്ക്ക് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 60 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി അനുമതി നൽകിക്കഴിഞ്ഞു.

(എഫ്) ഉണ്ട്. ഭക്ഷ്യസംസ്കരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 1956-ലെ Prevention of Food Adulteration Act and Rules-ന് വിധേയമായി വ്യവസായങ്ങളുടെ സ്വഭാവമനുസരിച്ച് വിവിധ തരം ലൈസൻസുകൾ എടുക്കേണ്ടതുണ്ട്.

ശ്രീ. സാജുപോൾ: സർ, ജിം-ന്റെ ഭാഗമായി 1177 കോടി രൂപയുടെ കാർഷിക ഭക്ഷ്യ സംസ്കരണ നിക്ഷേപം കേരളത്തിലുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ കഴിഞ്ഞ ജനുവരിയിൽ പ്രസ്താവിക്കുകയുണ്ടായി. ഇതുകൂടാതെ പ്രധാനമന്ത്രി പതിനായിരം കോടി രൂപയുടെ നിക്ഷേപം കേരളത്തിന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. അത്തരത്തിൽ ജിം-ന്റെ ഭാഗമായും കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപമായും ഭക്ഷ്യ സംസ്കരണ രംഗത്ത് ഇപ്പോൾ ലഭിച്ചിട്ടുള്ള നിക്ഷേപം സംബന്ധിച്ച് വെളിപ്പെടുത്താനും പൈനാപ്പിൾ, ഏത്തക്കായ മുതലായവ കുടുംബശ്രീ യൂണിറ്റുകളിലും കെ. എച്ച്. ഡി. പി. വഴിയുള്ള സ്വയംസഹായ ഗ്രൂപ്പുകളിലും കേരളത്തിൽ ഇന്ന് നന്നായി ഉല്പാദിപ്പിച്ചുവരുന്നു. അത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഭക്ഷ്യസംസ്കരണം ഒരു പക്ഷേ ഐ. ടി., ബയോടെക്നോളജി എന്നൊക്കെ പറഞ്ഞതുപോലെ അതിനേക്കാൾ വളരെ സാധ്യത യുള്ള മേഖലയാണ്. മാത്രമല്ല, ഭക്ഷ്യ സംസ്കരണ രംഗത്ത് ചെറുതും വലുതുമായ വ്യവസായങ്ങൾക്കൊക്കെ ധാരാളം കേന്ദ്രസഹായവുമുണ്ട്. അത് നമ്മുടെ രാജ്യത്തിന് വളരെ പോസ്സിബിലിറ്റിയുള്ള ഒരു മേഖലയായതുകൊണ്ടാണ്. അമേരിക്കയുടെ വേൾഡ് വൈഡായിട്ടുള്ള പല സാധനങ്ങളും നമ്മുടെ രാജ്യത്തുപോലും പോപ്പുലറായത്. നമുക്ക് ആ തരത്തിൽ ധാരാളം ഫുഡ് ഐറ്റംസുണ്ട്. പ്രധാനപ്പെട്ട പ്രശനമെന്നു പറയുന്നത് അതിനെ പ്രിസർവ് ചെയ്യുക, പാക്ക് ചെയ്യുക, സ്റ്റാൻഡേർഡൈസ് ചെയ്യുക എന്നിവയാണ്. മറ്റ് രാജ്യങ്ങളിലൊക്കെ ഭക്ഷ്യ സാധനങ്ങൾ അവർ നിശ്ചയിക്കുന്ന സ്റ്റാൻഡേർഡിനകത്ത് അല്ലെങ്കിൽ അവർ അടുപ്പിക്കുകയില്ല. അത് വലിയൊരു

LIBRARY ARCHIVES Kerala Legislative Assembly

പ്രോബ്ലമാണ്. ഇവിടെയുള്ള ഏതു ഫുഡ് ഐറ്റവും ലോകത്ത് എവിടെയും വേണമെങ്കിൽ അയയ്ക്കാം. അത് പ്രിസർവ് ചെയ്യണം, പാക്ക് ചെയ്യണം, അതിന്റെ സ്റ്റാന്റേർഡ് നിലനിർത്തണം. ആ നിലയിൽ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് വലിയ ഊന്നൽ കൊടുത്തുകൊണ്ട്, പ്രയോറിറ്റി കൊടുത്തുകൊണ്ട് കേരളം മുന്നോട്ടുപോകുകയാണ്. ഇന്ത്യയിൽ ഇപ്പോൾ ഈ രംഗത്ത് സ്കീമുകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ കേരളം നല്ല നിലയിൽ മുമ്പിൽ വന്നിട്ടുണ്ട്. അതിലുള്ള പ്രധാനപ്പെട്ട പ്രശ്നം നമുക്കറിയപ്പെടുന്ന, എല്ലാവരും അക്സപ്റ്റ് ചെയ്യുന്ന ബ്രാൻഡുകൾ ഉണ്ടാക്കണം. അതിനൊക്കെ വേണ്ടിയുള്ള ധാരാളം പരിപാടികൾ ഞങ്ങൾ ആവിഷ്ക്കരിച്ചു വരികയാണ്. ജനുവരിയിൽ ദുബായിയിൽ ഒരു വലിയ ഫെസ്റ്റിവൽ ഉണ്ട്. അവിടെ നമ്മുടെ പ്രോഡക്ട്സ് ലാഞ്ച് ചെയ്യാൻ, കേരളാ ബ്രാൻഡ്സ് ലാഞ്ച് ചെയ്യാനുള്ള ഒരു ശ്രമം ഞങ്ങൾ നടത്തുന്നുണ്ട്. അതിലും ഫുഡ് ഐറ്റം ഉണ്ടാകും. ഭക്ഷ്യ സംസ്കരണം എന്നുള്ളതിന് വലിയ ഊന്നൽ കൊടുത്തുകൊണ്ട്, പ്രോൽസാഹനം കൊടുത്തുകൊണ്ട് ഗവൺമെന്റ് മുന്നോട്ടു പോകുന്നുണ്ട്. അതിൽ ചില ധാരണകളൊക്കെയാണ് ജിം-ൽ വന്നത്. അതിന്റെ പോസ്സിബിലിറ്റിയെക്കുറിച്ചായിരിക്കും ശ്രീ ഹസ്സൻ പറഞ്ഞത്.

ശ്രീ. സാജുപോൾ: നമ്മുടെ ആഹാരത്തിൽ സുപ്രധാനമായ അരി കുത്തുന്ന ഇരുന്നൂറോളം മോഡേൺ റൈസ്മില്ലുകൾ ഇന്ന് കേരളത്തിലുണ്ട്. എന്റേയും ശ്രീ പി. ജെ. ജോയിയുടേയും നിയോജകമണ്ഡലങ്ങളിലാണ് അതിൽ ബഹുഭൂരിപക്ഷവും സ്ഥിതി ചെയ്യുന്നത്. മലയാളച്ചന്തമുള്ള നാടൻപേരുകളിൽ കേരളത്തിൽ കല്ലു കടിക്കാത്ത അരി വ്യാപകമായി ഉല്പാദിപ്പിച്ച് ലഭ്യമാക്കുന്ന ആ യൂണിറ്റുകൾക്ക് വേണ്ടത്ര നെല്ല് (കേരളത്തിൽ ഉല്പാദിപ്പിക്കുന്നില്ല) മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്നതിന് ഇന്ന് വലിയ തടസ്സങ്ങളുണ്ട്. ഈ യൂണിറ്റുകൾക്ക് ഇന്ന് കേന്ദ്ര ഗവൺമെന്റ് നൽകുന്ന സബ്സിഡി പലപ്പോഴും വടക്കേ ഇന്ത്യയിലെ ലോബികൾ കയ്യടക്കി കൊണ്ടു പോകുകയാണ്. ഈ യൂണിറ്റുകളിൽ ഒരെണ്ണത്തിനുപോലും ആ സബ്സിഡി ഇന്ന് ലഭ്യമായിട്ടില്ല. ഈ യൂണിറ്റുകൾ വൈദ്യുതിചാർജ് വർദ്ധനവും മറ്റും മൂലമുള്ള നിരവധി വൈഷമ്യങ്ങൾ ഇന്ന് അനുഭവിക്കുന്നുണ്ട്. അതിൽ പല യൂണിറ്റുകളെ സംബന്ധിച്ചും അങ്ങേയ്ക്ക് നേരിട്ടറിയാവുന്നതാണ്. അതുകൊണ്ട് ഇവർക്ക് കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി ലഭ്യമാക്കുന്നതിനും വേണ്ടത്ര നെല്ല് അവർക്ക് കൊടുക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാൻ വേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

മി. സ്പീക്കർ: സബ്സിഡി വേണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എം. എൽ. എ. മുഖാന്തിരം അവർ നിവേദനം തന്നാൽ എന്താണെന്നുള്ളത് നമുക്ക് പരിശോധിക്കാം. കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്താൻ പറ്റുമോ എന്നു നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത് കോയ: ഭക്ഷ്യസംസ്കരണ മേഖലയിൽ ധാരാളം സാധ്യതകൾ ഉണ്ട്. ആ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് ഗവൺമെന്റ് ശ്രമം നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവയിലൊക്കെ ഭക്ഷ്യസംസ്കരണത്തിൽ ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ധാരാളം തുടങ്ങാൻ സന്നദ്ധരായിട്ടുള്ള സംഘങ്ങളുണ്ട്. ആ സംഘങ്ങൾക്ക് ശാസ്ത്രീയമായി ഭക്ഷ്യസംസ്കരണം നടത്തുന്നതിനുള്ള ട്രെയിനിംഗ് കൊടുക്കാൻ ആവശ്യമായ പ്രവർത്തനം ഉണ്ടാകുന്നില്ല. കോഴിക്കോട് ബാലുശ്ശേരിയിൽ അതിനു പറ്റിയ ഒരു നല്ല കേന്ദ്രമുണ്ട്. ആ കേന്ദ്രത്തിലെ മെഷിനറിയെല്ലാം തുരുമ്പ് പിടിച്ച് വളരെ പഴഞ്ചനാണ്.അവിടെ ആധുനിക രീതിയിലുള്ള മെഷിനറി സ്ഥാപിക്കാനും ആവശ്യമായ ആളുകളെ, സംസ്കരണത്തിൽ വിദഗ്ദ്ധരായിട്ടുള്ള ആളുകളെ സ്ഥിര മായി നിയമിച്ച് ഈ സംഘങ്ങൾക്ക് ട്രെയിനിംഗ് കൊടുക്കാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വേറെയാണ്. അവിടെ ആവശ്യമായ ട്രെയിനിംഗിനെക്കുറിച്ച് പഞ്ചായത്ത് വകുപ്പുമന്ത്രിയുമായി ആലോചിക്കാം. പ്രത്യേകമായി, ആവശ്യമായ ട്രെയിനിംഗുകളെക്കുറിച്ച് നമുക്ക് വേറെ പരിശോധിക്കാം.

ശ്രീ. വി. കെ. സി. മമ്മത് കോയ: കേരളത്തിൽ ബോട്ടിൽ ചെയ്ത കുടിവെള്ളത്തിനും ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങൾക്കുമായുള്ള പദ്ധതിക്ക്, കൊക്കക്കോള കമ്പനിയും കെ. എസ്. ഐ. ഡി. സി. യും ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്ലാന്റ് എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്ലാന്റിന് എന്തുമാത്രം വെള്ളം ആവശ്യമായിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എന്റെ ഓർമ്മ ശരിയാണെങ്കിൽ കോക്കനട്ടിന്റെ ഒരു പദ്ധതിയാണ് എം.ഒ.യു. അവർ സൈൻ ചെയ്തത്. നിയമസഭയിൽ പറയുന്നതുകൊണ്ട് എനിക്ക് അത് പ്രത്യേകമായി പരിശോധിക്കണം. പ്രത്യേകമായി നോട്ടീസ് തന്നാൽ ഞാൻ മറുപടിപറയാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കേന്ദ്രഗവൺമെന്റിന്റെ ഫുഡ് പ്രോസസിംഗ് മന്ത്രാലയം 9-ാം പദ്ധതിയിൽപ്പെടുത്തി ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ വ്യാപകമായി ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുകയും കിൻഫ്രായെ കേരളത്തിൽ അതിന്റെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തു. പക്ഷേ കിൻഫ്ര ആവശ്യമായ പ്രൊപ്പോസലുകൾ യഥാവസരത്തിൽ സമർപ്പിക്കാത്തതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഈ സഹായം വലിയ തോതിൽ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞില്ലാ യെന്ന ഒരു പരാതി നിലനിൽക്കുന്നുണ്ട്. കിൻഫ്ര ഈ കാലത്ത് എത്ര പദ്ധതികളാണ് ഫുഡ് പ്രോസസിംഗ് മന്ത്രാലയത്തിന് സമർപ്പിച്ചതെന്നും അതിൽ എത്ര പദ്ധതികളാണ് നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞത് എന്നുള്ളത് സംബന്ധിച്ചും വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വാർത്തകളുടെ രൂപം ഇതുതന്നെയാണ്. ധാരണാ പിശകാണ്. ഈ സഹായം വ്യവസായ യൂണിറ്റുകൾക്കാണ്. പാർക്കുകൾ തുടങ്ങാനുള്ള സഹായമാണെങ്കിൽ ഏറ്റവും കൂടുതൽ നേടിയെടുത്ത സ്റ്റേറ്റാണ് കേരളം. മറ്റു സഹായങ്ങൾ യൂണിറ്റുകൾക്കാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ജിം-ൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട, ജിജി തോംസൺ വലിയ താല്പര്യത്തോടെ പിന്നീട് വിശദീകരിച്ച ഒരു പദ്ധതിയാണ് മീറ്റ് പ്രോസസ്സിംഗ് യൂണിറ്റുകൾ. ഒരു യൂണിറ്റിന് ഏകദേശം 30 കോടി രൂപ ചെലവു വരുന്ന നാലോ അഞ്ചോ മീറ്റ് പ്രോസസ്സിംഗ് യൂണിറ്റുകൾ കേരളത്തിന്റെ അതിർത്തി ജില്ലകളിൽ സ്ഥാപിക്കുമെന്നും അതിന് ഏജൻസികളെ കണ്ടെത്താൻ ആവശ്യമായ ശ്രമം നടത്തുമെന്നും അദ്ദേഹം വിശദീകരിക്കുകയുണ്ടായി. ഇങ്ങനെ കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടുള്ള പ്ലാന്റുകൾ, മീറ്റ് പ്രോസസ്സിംഗ് യൂണിറ്റുകൾ നിലവിൽ വരികയും അതിലൂടെ സംസ്കരിച്ച ഇറച്ചി വിപണനത്തിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകുകയും ചെയ്യുമ്പോൾ അത് തിരിച്ചടിയായി അനുഭവിക്കേണ്ടി വരുന്ന വലിയൊരു വിഭാഗം ആളുകൾ കേരളത്തിൽ ഉണ്ട്. അത് ചെറുകിട ഇറച്ചിവെട്ട് സംവിധാനമാണ്. ഇറച്ചിവെട്ട് സംവിധാനങ്ങൾക്ക് ആടുമാടുകൾ എത്തിച്ചുകൊടുക്കുന്നവർ, അവിടെ പണിയെടുക്കുന്നവർ, മറ്റു തരത്തിൽ അതുപയോഗിക്കുന്ന ആയിരക്കണക്കിനാളുകൾ തൊഴിലില്ലാത്തവരായി മാറ്റപ്പെടുന്ന ഒരു സ്ഥിതി ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ പോകുകയാണ്. ഈ കാര്യങ്ങളിൽ പരിമിതിയുണ്ടെങ്കിൽപ്പോലും ന്യായമായ വിലയ്ക്ക് ഇറച്ചി കിട്ടുന്ന സംവിധാനം കൂടി ഇല്ലാതാകാൻ പോകുകയാണ്. അപ്പോൾ മീറ്റ് പ്രോസസ്സിംഗ് യൂണിറ്റുകൾ വന്നുകഴിഞ്ഞാൽ ഉണ്ടാകാവുന്ന തൊഴിലില്ലായ്മയെ സംബന്ധിച്ച് അത് സൃഷ്ടിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ഈ വകുപ്പ് വല്ല പഠനവും നടത്തിയിട്ടുണ്ടോ; ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നമ്മുടെ പ്രധാനപ്പെട്ട പണി അതു തന്നെയാണ്. ഏതെങ്കിലും വ്യവസായങ്ങൾ വന്നാൽ, അതിലുണ്ടാകുന്ന ആശങ്കകളെക്കുറിച്ച് പഠനം നടത്തുക, അതിൽ പ്രശ്നങ്ങളില്ലെന്ന് ഉറപ്പുവരുത്തുക എന്നിവയാണല്ലോ വ്യവസായ വകുപ്പിന്റെ പ്രധാനപ്പെട്ട ജോലി. ഏതായാലും ഇറച്ചിവെട്ടുകാർക്ക് മുഴുവൻ കുഴപ്പം വരുന്ന രീതിയിൽ അതിർത്തി നിറയെ മീറ്റ് പ്രോസസ്സിംഗ് യൂണിറ്റുകൾ ഒന്നും ഇപ്പോൾ വന്നിട്ടില്ല. അതുകൊണ്ട് ആശങ്കപ്പെടേണ്ട കാര്യമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)